## പതിനാലാം കേരള നിയമസഭ
## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ: 2258** **11.03.2020-ൽ മറുപടിക്ക്**

### പശ്ചിമ കൊച്ചിയിലെ ടൂറിസം പദ്ധതികൾ

ചോദ്യം
ശ്രീ.ജോൺ ഫെർണാണ്ടസ് :

മറുപടി
ശ്രീ. കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദ സഞ്ചാരവും
ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | പശ്ചിമ കൊച്ചിയിലെ ടൂറിസം മേഖലകളുടെ പ്രാധാന്യം കണക്കിലെടുത്ത് അവിടെ നടപ്പിലാക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; | എ) | പശ്ചിമ കൊച്ചിയിലെ ടൂറിസം വികസനത്തിന്റെ ഭാഗമായി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി വളന്തക്കാട് ടൂറിസം പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ഗ്രാമീണ വിനോദസഞ്ചാര സാധ്യതകളുള്ള ചിറയ്ക്കൽ, കരി, കളത്ര എന്നീ സ്ഥലങ്ങളിലും ചെല്ലാനം, കണ്ണമാലി എന്നീ കടലോര പ്രദേശങ്ങളിലും ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സ്ഥലം ഉപയോഗിക്കുന്നതിന് അനുമതി ലഭിക്കുന്ന മുറയ്ക്ക് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നത് പരിഗണിക്കാവുന്നതാണ്. |
| ബി) | ടൂറിസ്റ്റുകൾ കൂടുതലായി എത്തിച്ചേരുന്ന കുമ്പളങ്ങി, മട്ടാഞ്ചേരി, ഫോർട്ടുകൊച്ചി തുടങ്ങിയ സ്ഥലങ്ങളിൽ പരിസരം വൃത്തിയായി സൂക്ഷിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) | ഫോർട്ട്കൊച്ചി ടൂറിസം മേഖലയിലെ ശുചീകരണ പ്രവർത്തനങ്ങൾക്ക് ക്ലീൻ ഡെസ്റ്റിനേഷൻ കാമ്പെയിൻ പദ്ധതി പ്രകാരം ഡി.ടി.പി.സി, കുടുംബശ്രീ, ഹെറിറ്റേജ് കൺസർവേഷൻ സൊസൈറ്റി എന്നീ സ്ഥാപനങ്ങൾ മുഖേന സംയുക്തമായി ശുചീകരണ പ്രവർത്തനങ്ങൾ ചെയ്തു വരുന്നുണ്ട്. മട്ടാഞ്ചേരി, കുമ്പളങ്ങി എന്നിവിടങ്ങളിൽ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയാണ് ശുചീകരണ പ്രവർത്തനങ്ങൾ നടന്ന് വരുന്നത്. |
| സി) | ഈ പ്രദേശങ്ങൾ ടൂറിസ്റ്റുകളെ ആകർഷിക്കുന്ന രീതിയിൽ സൗന്ദര്യവത്ക്കരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ? | സി) | പരിഗണിക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ